little KITEs





# ലിറ്റിൽകൈറ്റസ് അംഗങ്ങൾ



## എഡിറ്റോറിയൽ ഗ്രൂപ്പ്



# ആശംസകൾ

യാത്ര...
യാത്രതിരിച്ചറിവിന്റേതാണ്
യാത്ര നിറവിനുള്ളതാണ്,
ഇവിടെ ഞങ്ങൾ ഒരു യാത്ര പോവുകയാണ്,,
എന്റെ കുട്ടികളും സഹപ്രവർത്തകരുമായി ഒരു
യാത്ര,,യാത്രയിലുടനീളം ശേഖരിച്ചതെല്ലാം പങ്കുവയ്ക്കാം,,,
വഴിയരികിലെ വെള്ളാരങ്കല്ലുകളും,വളപ്പൊട്ടുകളും,ത്തുവലുകളും
മയിൽപ്പീലിത്തുണ്ടുകളുമുണ്ടതിൽ,അതെല്ലാം അതിന്റെ തനതായ
നിഷ്കളങ്കതയോടെ കോരിയിടുകയാണിവിടെ,കാലഘട്ടത്തിന്
അനിവാര്യമായ പുതുപാതയിലൂടെയാണ് സഞ്ചാരം,,ഈ
യാത്രയിലൊപ്പം വരാൻ ക്ഷണിക്കുകയാണ്,,,,'
വരൂ,,ഞങ്ങളോടൊപ്പം,,
യാത്ര സുഖകരമായെങ്കിൽ,,,
അതിന്റെ സന്തോഷവും,,
സ്നേഹവും,,,അനുഗ്രഹവുമെല്ലാം
എന്റെ കുട്ടികൾക്കും ,,,സഹപ്രവർത്തകർക്കും,,,നൽകൂ,,,
സ്നേഹത്തോടെ,,ആശംസകളോടെ



ഷൈലജ.റ്റി
ഹെഡ്മിസ്ട്രസ്

# സന്ദേശം

കുട്ടികളുടെ ഐ.ടി മേഖലയിലുള്ള കഴിവ്  വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കാൻ സഹായിക്കുന്ന ഒരു യൂണിറ്റാണ് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്.ഈ വർഷം ഈ യൂണിറ്റിലെ മിടുക്കരായ വിദ്യാർഥികൾ അവർക്ക് കിട്ടിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി തയ്യാറാക്കിയ 'voyage' എന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു...

എന്ന്



സീനിയർ ടീച്ചർ

*സുധ.റ്റി .എസ്*

## *സന്ദേശം*

ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'voyage' ന് കുട്ടികളുടെ എല്ലാവിധ കഴിവുകളും പുറത്തു കൊണ്ടുവരുവാൻ സാധിക്കട്ടെ.
എല്ലാവിധ ആശംസകളും നേരുന്നു.



എന്ന്

ജയകൃഷ്ണൻ

പി.റ്റി.എ പ്രസിഡന്റ്

| | |
|---|---|
| **ARUNDAS.R**<br>**HST HINDI**<br>**SITC**<br>**KITE MASTER** | **SUNITHA.S**<br>**HST PHYSICALSCIENCE**<br>**KITE MISTRESS** |
|  |  |

PHOTOGRAPHY BY
RANJITH.G
PET
GHSPATTANCHERY



## ആശംസകൾ

വിസ്മയലോകം വിരൽത്തുമ്പുകളിലേക്കാവാഹിച്ചുകൊണ്ട് വിവരസാങ്കേതിക വിദ്യ മുന്നേറികൊണ്ടിരിക്കുന്നു... ഈ യാത്രയിൽ "നൂതനതകളാവിഷ്കരിക്കാൻ വെമ്പുന്ന കുഞ്ഞുമസ്തിഷ്ക്കങ്ങൾ ഉണർവോടെ സന്നദ്ധരായാൽ ഏതു മായാലോകവും അവർക്കുമുന്നിൽ കവാടങ്ങൾ തുറന്നിടുമെന്നതിന്റെ ഒരു സാക്ഷ്യമാണിത് നമ്മുടെ *voyage*...

**അഭിനന്ദനങ്ങൾ...**

**ആശംസകൾ**

**അരുൺദാസ്.ആർ** — *കൈറ്റ് മാസ്റ്റർ*

**സുനിത.എസ്** — *കൈറ്റ് മിസ്ട്രസ്*



**അഞ്ജന.ബി**

*ചീഫ് എഡിറ്റർ*

യാത്ര എന്നത് ഏവർക്കും ഇഷ്ടമുള്ളതാണ്.ഏവരും അതിനെ ഒരുപാട് ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.യാത്രയിലെ ഓരോ അനുഭവങ്ങളും നമ്മളിൽ നിറഞ്ഞുനിൽക്കുന്നതും ആകർഷിക്കുന്നതുമായിരിക്കും അങ്ങനെയൊരു കൊച്ചു യാത്രയാണ് ഞങ്ങളുടെ മാഗസിൻ *voyage*...ആ കൊച്ചുയാത്രയിലൂടെ ഞങ്ങളുടെ കൊച്ചുകൂട്ടുകാരുടെ ചെറിയ ഭാവനകളും വലിയ കഴിവുകളും അലിഞ്ഞുചേർന്നിരിക്കുന്നു.അതിൽ ഞങ്ങളുടെ അധ്യാപകരും പങ്കുചേർന്നിട്ടുണ്ട്.അതുകൊണ്ട് ആ യാത്ര രസകരവും ആനന്ദം പകരുന്നതുമായിരിക്കും .അത് വായിക്കുന്നവർക്കും യാത്രയിൽ ഞങ്ങളോടൊപ്പം പങ്കുചേരാം...വിജയകരമായി ഞങ്ങൾ ഒന്നിച്ച് യാത്ര തുടരാൻ എല്ലാവരുടേയും പ്രാർത്ഥനയും ആശംസയും സ്നേഹവും പ്രതീക്ഷിക്കുന്നു.....

# ഉള്ളടക്കം

1 പൂമ്പാറ്റ
2.കാഴ്ച
3.നിലാവ്
4.ഡിജിറ്റൽ പൂക്കളം
5.ഇന്നലെകളുടെ കൂട്ട്
6.ചിങ്ങമാസം
7.പ്രണയം
8. മഴയും പുഴയും
9.പുള്ളിക്കുയിലിനോട്
10.മൊബൽആപ്പ്
11.തേൻ കുരുവി
12.ഡ്രോയിങ്
13.മഴയോട്
14.സ്വപ്നങ്ങൾ
15.State Winners
16.National Winners
17.താക്കോൽ
18.അമ്മയുടെ പുഞ്ചിരിതേടി
19.കനിവുള്ള കണ്ണ്
20.ചിന്താവിഷയം
21.അറിവ്
22.Nature is Every Where
23.ഓണകാഴ്ചകൾ
24.പുലരി
25.പൈതങ്ങളുടെ മഴനാട്
26.സ്കൂളിന്റെ തനത്പ്രവർത്തനങ്ങൾ

**അഞ്ജന.ബി**

**9.A**






# പൂമ്പാറ്റ

പാറ്റേ പാറ്റേ പൂമ്പാറ്റേ
പാറി പാറി വന്നാട്ടെ
പൂക്കൾ തേടി വന്നാട്ടെ
ഇത്തിരി നേരമിരുന്നാട്ടെ

പാറ്റേ പാറ്റേ പൂമ്പാറ്റെ
പൂമ്പൊടി തൂവും പൂമ്പാറ്റെ
പാറി പാറി വന്നാട്ടെ
പൂവിൻ തേൻ കുടിച്ചാട്ടെ


പാറ്റേ പാറ്റേ പൂമ്പാറ്റെ
പലവർണ്ണങ്ങൾ തന്നാട്ടെ
പാറി പാറി വന്നാട്ടെ
ചക്കരമുത്തം തന്നാട്ടെ
പാറ്റേ പാറ്റേ പൂമ്പാറ്റെ
പാറി പാറി പോവല്ലേ
ദൂരെ ദൂരെ മായാതെ
പാറി പാറി വന്നാട്ടെ...

സിൽജ
യു.പി.എസ്.എ



# കാഴ്ച

മുത്തശ്ശിയെ ഇടയ്ക്കിടെപരിശോധിക്കാനെത്തുന്ന ഡോക്ടർ പറഞ്ഞു,റെറ്റിനയിലാ പ്രശ്നം ഇനി കാഴ്ചകിട്ടില്ലെന്ന്.. ബയോളജി ടീച്ചറും ക്ലാസിൽവിശദമാക്കി റെറ്റിനയും, കോർണിയയും,ലെൻസും,കോണും, റോഡും ഒക്കെ വേണം ശരിയായ കാഴ്ചയ്ക്ക്.വളവുപാലം റോഡിൽ രവിയേട്ടൻ രക്തത്തിൽ കുളിച്ചുകിടക്കുമ്പോൾകവലിയിലാർക്കും കാഴ്ചയുണ്ടായില്ലതീലിച്ച് വിറങ്ങിലിക്കുംവരെ രവിയേട്ടനെ ആരും കണ്ടില്ല എല്ലാവർകക്കുംറെറ്റിനയിലായിരിക്കുമോ പ്രശ്നം.ഒരു മുഴം കയറിൽ ഉത്തരത്തിന്റെ ബലംപരിശോധിച്ചബിന്ദുചേച്ചിയെ അതുവരേയുംരമേഷേട്ടന്റകാഷ്ചവൈകല്യം ഇനി മാറുമായിരിക്കും.ഗവർണർ ഉദ്ഘാടനം ചെയ്ത്നാലുമാസം തികയും മുൻപേ തകർന്ന പാലത്തെ അധികാരികൾ കാണുന്നേയില്ലകോണുണ്ടാവില്ലാവർക്കും പൊളിഞ്ഞ റോഡ് കാണാൻ...





അൻസു.ആർ.പ്രതാപ്

# നിലാവ്

ഞാൻ ഒരുനിലാവായിമാറുന്നു
ഒരു കുഞ്ഞു നിലാവ്
പാലിന്റെ മണമില്ലാത്തതാണെങ്കിലും
പാലിന്റെ നിറമുള്ള
കറുത്ത രാത്രിയിലെ വെളുത്ത നിലാവ്




# ഡിജിറ്റൽ പൂക്കളം













**പ്രശാന്തി.വി**
**എച്ച്.എസ്.റ്റി**



# ഇന്നലെകളുടെ കൂട്ട്

ഇന്നലെകളെയല്ലോ എനിക്കേറെയിഷ്ടം!
എനിക്കേറെപ്രിയം ഇന്നലകളോടല്ലോ
എന്തേ ഇന്നലെകൾ.......?
എന്തേ ഇന്നലെകൾ.......?
ഇന്ന് മാത്രമല്ലേ നിനക്ക് സ്വന്തം?
പിന്നെന്തേ ഇന്നലകൾ......?
ഇന്നിന്റെ കൂർത്ത ചോദ്യമുയർന്നപ്പോഴും
എനിക്കേറെയിഷ്ടം ഇന്നലെകളോട്......?
എന്റെ സ്വത്വം ജ്വലിപ്പിച്ച ഇന്നലെകൾ
എന്നെ ഞാനാക്കിയ ഇന്നലെകൾ!
ചിരിയുടെ സുഖമറിയിച്ച ഇന്നലെകൾ!
കരയിച്ചിലിന്റെ ആഴമറിയിച്ച ഇന്നലെകൾ!
എനിക്കേറെയിഷ്ടം ഇന്നലെകളോടല്ലോ
ഇന്നലെകളല്ലോ എനിക്കേറെപ്രിയം!
എനിക്ക്ചുറ്റും പ്രിയരുണ്ടായതും
എനിക്കുറപ്പുള്ള ബന്ധങ്ങൾ തന്നതും ഇന്നലെകളത്രേ
എനിക്ക് നല്ല സൗഹൃദങ്ങളുണ്ടായതും
എന്റെ കൂട്ടുകാർക്കെന്നെ ലഭിച്ചതും ഇന്നലെകളിലത്രേ
സ്നേഹമെന്തന്നഞ്ഞതും
ആർദ്രത എന്നിൽ നിറഞ്ഞതും ഇന്നലെകളിലത്രേ
എനിക്കേറെപ്രിയം ഇന്നലെകളോടല്ലോ
എന്റെ പ്രിയപ്പെട്ട ഇന്നലെകൾ
പ്രതീക്ഷകളെല്ലാം നാളെയിലല്ലേ........?
പിന്നെന്തിനെ.......ഇന്നലെകൾ?
നാളെയുടെ പരിവേം
ഈറനണിയിച്ചെങ്കിലും
എനിക്കേറെപ്രിയം ഇന്നലെകളോടല്ലോ
ഇന്നലെകളുടെ കൂട്ട് എനിക്കേറെപ്രിയം
കൂട്ടായി ഇന്നലകൾ വന്നകതോ.....
ഇന്നൊന്നും ചെയ്യാതിരിക്കാനോ
നാളെയെ അവഗണിക്കാനോ അല്ലാ മറിച്ച്,
ഇന്നലെകളെ വിസ്മൃതിയിലേയിക്കാഴ്ത്തുവാൻ
കരുത്തുള്ള,ജ്വലിക്കുന്ന നാളെയിണ്ടാവാൻ
അതിനത്രേ.....ഇന്നലെകളുടെ കൂട്ട്!
ജ്വലിക്കുന്ന നാളെയ്ക്കുള്ള ഇന്ധനമത്രേ
ഇന്നലെകൾ................!



എന്റെ പ്രിയപ്പെട്ട ഇന്നലെകൾ!



*മിഥുന.എം*

*9A*

# ചിങ്ങമാസം

പൊന്നിൻ കതിർക്കുലയേന്തി

മെല്ലേ വന്നുപോയി

ചിങ്ങമാസം കണ്ണിണയ്ക്കാനന്ദ

വെണ്ണ നൽകി ചിങ്ങമാസം

വന്നുപോയി..

.........................



ഷമീന യു.പി.എസ്.എ



# പ്രണയം

പിറക്കുന്ന നാൾമുതൽ
തുടങ്ങുന്നു പ്രണയം...
അമ്മിഞ്ഞ പാലിനോടുള്ള പ്രണയം.
തിരിച്ചറിയുന്ന നിമിഷം മുതൽ
അമ്മയോടും അച്ഛനോടുമുള്ള പ്രണയം.
ഓർമ്മവയ്ക്കുന്നകാലംമുതൽ തുടങ്ങുന്നു
സഹോദരനോടുള്ള പ്രണയം.
സ്കൂളിലേക്ക് പടികയറുമ്പോൾതൊട്ട്
തുടങ്ങുന്നു ക്ലാസ് ടീച്ചറോടും
കൂട്ടുകാരോടും പ്രണയം.
കൗമാരക്കാലമെത്തുമ്പോൾ
കൂട്ടുകാരിയോട് പ്രണയം.
വിവാഹിതരാവുമ്പോൾ ഇണയോട്
തോന്നുന്ന പ്രണയം.
മക്കളാവുമ്പോൾ അവരിലേക്കാവുന്നു പ്രണയം.
മുത്തശ്ശിയാവുമ്പോൾ പേരക്കുട്ടികളോട്
തുളുമ്പുന്ന പ്രണയം.
ഈ ഭൂമിയുടെ സ്രഷ്ടാവിനെ
നീ പ്രണയിച്ചിട്ടുണ്ടോ?
നിന്നിൽ ജീവൻ ഊതിനിറയ്ക്കും നായുവിനെ പ്രണയിച്ചിട്ടുണ്ടോ?
മനുഷ്യാ നീ പ്രണയിക്കണം
നിനക്ക് ജീവൻ നൽകുന്ന വായുവിനെ.
നീ പ്രണയിക്കണം,ഈ ഭൂമിയെ,ഈ പ്രകൃതിയെ
*പ്രണയിക്കണം മരിക്കുന്നതുവരെ.....*





മാനസ

8A

# മഴയും പുഴയും

കൂരിരിരുളിൽ കമ്പിളിപുതപ്പിട്ട കാർമേഘങ്ങൾ ആകാശത്തിൽ നിന്നു, മുത്തുകൾ പ്പോലെ ഒഴുകുകയാണ്...

എന്തിനെന്നറിയാതെ പുഴയായ് കാറ്റായ് മനസ്സിന്റെ വേദനയായ്..

അത് മാറികൊണ്ടിരുന്നു

ഓരോരോ ജീവനായ് അത് ഒഴുകുകയാണ്..

കേരളം മഴയിൽ മുങ്ങി

പുഴകളൊക്കെ കുഞ്ഞുപൈതലിൻ കണ്ണീരുപ്പുകൾ കലർന്നൊഴുകുവാൻ തുടങ്ങി..

കേരളം കണ്ണീരിന്റെ പുഴയായ്മാറി

...

പിന്നീട് അത് പലജീവനെടുത്തു

പുഴയും ശക്തമായ കാറ്റുമായി അതു വന്നുകൊണ്ടിരുന്നു.

കേരളം മരണത്തിന്റെ പുഴയായ്..

പിന്നീട് എങ്ങനെയാണെന്നറിയാതെ അത് ആ മഴ തീരുവാൻ തുടങ്ങി .

എടുത്ത ജീവനൊന്നും തിരികെനൽകാതെ എവിടെപ്പോയ്.....



ഹിബ ഫാത്തിമ
9.A





# പുള്ളിക്കുയിലിനോട്

പുള്ളിക്കുയിലേ നീപോരാതേ,
വള്ളിക്കുടിലിൽ ഇരിപ്പാണോ?
പഞ്ചമം പാടി നീയെന്നരികിൽ,
പണ്ടൊരു നാളിൽ വന്നില്ലേ?
നാളെ മത്സരവേദിയിൽ പാടാൻ,
പള്ളിക്കൂടത്തിൽ പോരാമോ?
വന്നാൽ സംശയമില്ല നിനക്കോ,
പട്ടും വളയും കിട്ടുല്ലോ!

അരുൺദാസ്.ആർ

എച്ച്,എസ്.റ്റി



# മൊബൈൽ ആപ്പ്

ഒരു മൊബൈൽ ആപ്ലിക്കേഷൻ, **മൊബൈൽ ആപ്** അല്ലെങ്കിൽ ലളിതമായി ഒരു ആപ്പ് എന്നും അറിയപ്പെടുന്നു, ഇത് ഒരു കമ്പ്യൂട്ടർ പ്രോഗ്രാം അല്ലെങ്കിൽ സ്മാർട് ഫോൺ, ടാബ്‌ലെറ്റ്, സ്മാർട് ടി.വി., സ്മാർട് വാച്ച് പോലുള്ള മൊബൈൽ ഉപകരണങ്ങളിൽ പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന സോഫ്റ്റ്വെയർ അപ്ലിക്കേഷനാണ്. ആപ്ലിക്കേഷനുകൾ യഥാർത്ഥത്തിൽ ഇമെയിൽ, കലണ്ടർ, കോൺടാക്റ്റ് ഡാറ്റാബേസുകൾ എന്നിവ പോലുള്ള ഉൽപാദനക്ഷമത സഹായത്തിനായി ഉദ്ദേശിച്ചുള്ളതായിരുന്നു, എന്നാൽ അപ്ലിക്കേഷനുകൾക്കായുള്ള പൊതു ആവശ്യം മൊബൈൽ ഗെയിമുകൾ, ഫാക്ടറി ഓട്ടോമേഷൻ, ജിപിഎസ്, ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ, ഓർഡർ-ട്രാക്കിംഗ്, ടിക്കറ്റ് വാങ്ങലുകൾ തുടങ്ങിയവയാണ്, അതിനാൽ ഇപ്പോൾ ദശലക്ഷക്കണക്കിന് അപ്ലിക്കേഷനുകൾ ലഭ്യമാണ്. ആപ്പ് സ്റ്റോർ (ഐ.ഒ.എസ്.) അല്ലെങ്കിൽ ഗൂഗിൾ പ്ലേ (Google Play) സ്റ്റോർ പോലുള്ള മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ ഉടമ പ്രവർത്തിപ്പിക്കുന്ന അപ്ലിക്കേഷൻ വിതരണ പ്ലാറ്റ്ഫോമുകളിൽ നിന്ന് അപ്ലിക്കേഷനുകൾ സാധാരണയായി ഡൗൺലോഡുചെയ്യുന്നു. ചില ആപ്ലിക്കേഷനുകൾ സൗജന്യമാണ്, മറ്റുള്ളവയ്ക്ക് ഒരു വിലയുണ്ട്, അതിൽ നിന്ന് ലഭിക്കുന്ന ലാഭം ആപ്ലിക്കേഷന്റെ സ്രഷ്ടാവും വിതരണ പ്ലാറ്റ്ഫോമും തമ്മിൽ വിഭജിക്കപ്പെടുന്നു. മൊബൈൽ ആപ്ലിക്കേഷനുകൾ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ള ഡെസ്ക്ടോപ്പ് ആപ്ലിക്കേഷനുകൾക്കും മൊബൈൽ ഉപകരണത്തിൽ

നേരിട്ട് എന്നതിലുപരി മൊബൈൽ വെബ് ബ്രൗസറുകളിൽ പ്രവർത്തിക്കുന്ന വെബ് ആപ്ലിക്കേഷനുകൾക്കും വിരുദ്ധമാണ്.

*2009 ൽ, ടെക്നോളജി കോളമിസ്റ്റ് ഡേവിഡ് പോഗ്, സ്മാർട്ട്ഫോണുകൾക്ക് മുമ്പത്തെ ആധുനികമല്ലാത്ത സ്മാർട്ട്ഫോണുകളിൽ നിന്ന് വേർതിരിച്ചറിയാൻ "ആപ്പ് ഫോണുകൾ" എന്ന് വിളിപ്പേരുണ്ടാക്കാമെന്ന് പ്രസ്താവിച്ചു. "സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ" എന്നതിന് പകരം ഹ്രസ്വമായ "ആപ്പ്" എന്ന പദം അതിനുശേഷം വളരെ പ്രചാരത്തിലുണ്ട്; 2010 ൽ അമേരിക്കൻ ഡയലക്റ്റ് സൊസൈറ്റി ഇത് "വേഡ് ഓഫ് ദി ഇയർ" ആയി പട്ടികയിൽ ഉൾപ്പെടുത്തി*



രസിക.കെ
9A



# തേൻ കുരുവി

ചെല്ല കുരുവി തേൻ കുരുവി
എന്നുടെ കൂടെ പോരാമോ
കൂട്ടുണ്ടാക്കാൻ ചകിരിതരാം
വള്ളിതരാം ഞാൻ കമ്പുതരാം
കൂട്ടിലിരുന്നു കഴിക്കാനായി
പാത്രം നിറയെ തേനുതരാം
ചെല്ല കുരുവി തേൻ കുരുവി
എന്നുടെ കൂടെ പോരുന്നോ.




Akshitha....



Akshitha....



Lion
Art by SOORYA.S
VIII-C


Lavanya.
X.B




by
Rasika :J.K


Rishikeshkrishnna-A
9-A


Nidhin.S
IX-A

അക്ഷിത നന്ദ് എം
9.A



# മഴയോട്

ഈ മഴയിങ്ങനെ നിർത്താതെ പെയ്യുകിൽ,
പള്ളിക്കൂടത്തിൽ പോകുവതെങ്ങനെ?
പുത്തനുടുപ്പും നല്ല ചെരുപ്പും
പുസ്തകസഞ്ചിയും നനയില്ലേ?
എന്നാലും എത്ര രസമാണീ മഴ!
എന്നാലും കുളിരല പാകുന്നീ മഴ!
മുറ്റത്തെ കടലാസുവഞ്ചി കളിക്കാം!
വർണ്ണക്കുടയുമായ് ചുറ്റി നടക്കാം!
ഇടവപ്പാതി തകർത്തു പെയ്യട്ടേ!
ഇനിയൊരു വർഷം ഉലാത്തില്ലേ?

അഫ്സാന.എ 10A



# സ്വപ്നങ്ങൾ

എന്റെ സ്വപ്നത്തിൽ
അമ്മയുടെ നിഷ്കളങ്കമായ പുഞ്ചിരി
വെടിയുണ്ടയുടെ വിശാലമായ ഉറക്കം
പീരങ്കികളിൽ ചലിക്കുന്നത് ചിതലുറുമ്പുകൾ
പരസ്പരം കൈകോർക്കുന്ന അതിർത്തികൾ
നദികളുടെ സമാധാനപരമായ ഒഴുക്ക്
വെളുത്ത ആകാശം
ഓരോ പൂമൊട്ടിന്റേയും വിടരൽ
ദരിദ്രന്റെ ചൂടണയ്ക്കാനുള്ള ജലം
മണ്ണെണ്ണകാനെടുക്കാത്ത യൗവനങ്ങൾ
സ്വപ്നങ്ങൾ പടർന്ന പന്തലിക്കാനായി
**ഞാൻ കാത്തിരിക്കുന്നു.............**





# STATE WINNERS



WORK EXPERIENCE



***ANJANA ARUMUGHAN***

***KRIPESH.K***

## *SPORTS*



***REJOI.J***



# STATE WINNERS
## *JUDO*



## *NATIONAL WINNERS JUDO*





**NATIONAL WINNER**

**SPORTS**



**റിജോയ്.ജെ 10B**

അൻസു.ആർ.പ്രദാപ്



# താക്കോൽ

എനിക്ക് മോഹങ്ങളും ആഗ്രഹങ്ങളും ഉണ്ടായിരുന്നു
അവയെല്ലാം കെട്ടിമടക്കി മനസ്സിന്റെ അലമാരയിൽ
വച്ചിരുന്നു.
എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോഴത്
മനസ്സിന്റ അലമാരയിലിരുന്നു തുരുമ്പിച്ചു.
തീജ്വാലപോലുള്ള മനസസിന്റെ പൂട്ടിന്റെ
ചൂടേറ്റുകാതെ എത്രകാലമിരുന്നു....
എന്നാൽ അമ്മയെന്ന താക്കോൽ
ഇറക്കാതായപ്പോൾ
ആ പൂട്ട് അവിടെയിരുന്നു തുരുമ്പിച്ചുപോയി...

*മായ.പി 10A*



# അമ്മയുടെ പുഞ്ചിരി തേടി

ഞാൻ ഉമ്മറത്തിണ്ണയിൽ ഇരിക്കുകയായിരുന്നു.അപ്പോഴാണ് അടുക്കളയിൽ നിന്ന് അമ്മയുടെ ശബ്ദം.മോനെ,വാ വന്ന് കഴിക്ക്. അമ്മ എന്നെ എടുത്ത് ഉള്ളിൽ ഇരുത്തി .അമ്മ എനിക്ക് വാരി തന്നു.ഞാൻ അമ്മയോട് പറഞ്ഞു,അമ്മേ എനിക്ക് സ്കൂളിൽ പോവാൻ തോന്നുന്നു.അപ്പോൾ അമ്മ പറഞ്ഞു,നിന്റെ വയ്യായ്കയൊക്കെ മാറീട്ടുപോകാം. ആ വാക്കുകളിൽ കടുത്ത വിങ്ങലും,സങ്കടവുമുള്ളതായി എനിക്ക് അനുഭവപ്പെട്ടു.നേരം നന്നായി വൈകി,ഇരുട്ടി.ഏട്ടൻ പടിക്കുകയായിരുന്നു.ഞാൻ പോയി കിടന്നുറങ്ങി.ഉറങ്ങുമ്പോഴും എന്റെ മനസ്സിനെ വല്ലാതെ അലട്ടുന്ന ഒത്തിരി സംഭവങ്ങൾ കടന്നുപോയി.ഞാൻ ജനിച്ചതിൽ പിന്നെ എന്റെ അമ്മ ചിരിക്കുന്നത് ഞാൻ കണ്ടിട്ടേയില്ല.കണ്ടിട്ടുണ്ട്,എപ്പോഴെന്ന് അറിയാമോ,വീട്ടിൽ അഥിതികൾ ആരെങ്കിലും വന്നാൽ അവരെ ബോധിപ്പിക്കാനായി.പിന്നീട് ആ ചിരി അതിക കാലമൊന്നും ആയുസ്സുമുണ്ടാകില്ല.എനിക്ക് ഒരേയൊരു ആഗ്രഹമേയുള്ളൂ എന്റെ

അമ്മ ഒന്നു ചിരിച്ചുകാണണമെന്നത്.ഞാൻ കാരണം എന്റെ അമ്മയ്ക്ക് ഇതുവരേയും സങ്കടം മാത്രമേ ഉണ്ടായിട്ടുള്ളൂ.
ഞാൻ ഉറങ്ങാൻ കിടന്നു,നിദ്രയിലേക്ക് ആണ്ട് ഇറങ്ങി.നേരം പുലർന്നു,ഞാൻ എണീറ്റു.എന്നെ അമ്മ ഉമ്മറത്തിണ്ണയിൽ കൊണ്ടിരുത്തി.ഏട്ടൻ സ്കൂളിലേക്ക് പോവാൻ തയ്യാറാകുകയായിരുന്നു.അമ്മ അടുക്കളയിൽ മല്ലിട്ടുകൊണ്ടിരിക്കുകയാണ്.കുറച്ചുനേരം കഴിഞ്ഞ് എനിക്ക് ആകെ ഒരു അസ്വസ്ഥത ഞാൻ വല്ലാതെ വിയർക്കുന്നു നെഞ്ചിടുപ്പ് കൂടുന്നു.അപ്പോൾ തന്നെ പിന്നിലേക്ക് വീണു.ആ സമയത്ത് ഒരു കൈ എന്നെ താങ്ങി, കണ്ണുകൾ മങ്ങുമ്പോഴും ആ ദിവ്യമുഖം എന്റെ കണ്ണുകളിൽ ആഴ്ന്നിറങ്ങി.
എന്റെ അമ്മയുടെ കൈകളായിരുന്നു അത് .ഞാൻ നിദ്രയിലേക്ക് ആഴുമ്പോഴും ആ കണ്ണിൽ നിന്ന് ചോരയുടെ തുള്ളികൾ ഒരു പുഴയായി ഒഴുകികൊണ്ടിരുന്നു......

മായ.പി 10A



# കനിവുള്ള കണ്ണ്

ഞാൻ നടന്നു.എന്റെ പുറകെ ആരെങ്കിലും വരുന്നുണ്ടോ?ഞാൻ ഉറപ്പുവരുത്തി.ചുറ്റും ഇരുട്ട് മുഴങ്ങുന്നു.ആകാശത്ത് ഒരു മുഴക്കം ,മഴയുടെ ലക്ഷണം കാണുന്നു .കുറച്ചു നേരത്തിനു ശേഷം മഴപെയ്തു.എന്റെ കണ്ണിലെ ഉപ്പുവെള്ളത്തിൽ കൂടി മഴവെള്ളം ചേർന്ന് താഴേക്ക് ഇറ്റുവീഴുന്നു.ഞാൻ അടുത്തുള്ള പീടികയിലേക്ക്

***കേറി .അവിടയെങ്ങും ആളുകൾ .ഞാൻ കരയുന്നത് കണ്ടിട്ടു ഒരാൾ എന്നോട് ചോദിച്ചു.എന്തിനാ കരയുന്നെ? മൗനം മാത്രം.എവിടെന്നാ കുട്ടി വരുന്നേ? എവിടേക്കാ?എന്താ ഈ നേരത്ത്? എന്റെ ചുറ്റിലും ഒരു ചോദ്യത്തിന്റെ ബുക്ക് തന്നെ നിവർത്തി.ഇതിനൊക്കെ ഉത്തരം എന്റെ കയ്യിൽ ഒന്നുമാത്രം.ഒന്നുമില്ല,ഒന്നുമില്ല .എല്ലാവരും അവരവരുടെ വീടുകളിലേക്ക് പോകുന്നു.അവിടെ ഉണ്ടായിരുന്ന കടക്കാരൻ പീടികഅടച്ചു.അപ്പോഴും എന്റെ കണ്ണിലെ വെള്ളത്തിന് പഞ്ഞമുണ്ടായിരുന്നില്ല.അദ്ദേഹം എന്നോട് ചോദിച്ചു എന്തിനാകരയുന്നേ? അപ്പോഴും മൗനം മാത്രം അദ്ദേഹം എന്നോട് പറഞ്ഞു.വരൂ മോളെ,ദയയുടേയും സ്നേഹത്തിന്റെയും ഒരു ഒഴുക്ക് ഞാൻ ആ കണ്ണുകളിൽ കണ്ടു.അദ്ധേഹത്തിന്റെ കൈ പിടിച്ച് ഞാനും ആ ഇരുട്ടിന്റെ വീഥിയിലൂടെ യാത്രയായി...***

## അഞ്ജന.ബി

9.A



ചിന്താവിഷയം                ഡോ. എ .പി ജെ അബ്ദുല്കലാം

- വിജയം ആസ്വാദ്യകരമാകണമെങ്കിൽ
  പ്രയാസങ്ങൾ ആവശ്യമാണ്....
- ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം
  നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ്
  യഥാർത്ഥ സ്വപ്നം..
- ഓരോ വേദനയും ഒരു പാഠം നൽകുന്നു
  ഓരോ പാഠവും ഒരു വ്യക്തിയെ മാറ്റുന്നു.
- വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ് ...എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭാനമാക്കുന്നത്..



# അറിവ്



പോകാം പോകാം കുട്ടരെ നമ്മൾക്ക്
അറിവിൻ സുന്ദരലോകത്തേക്ക്
ആടിപ്പാടി നടക്കാം നമ്മൾക്ക്
അറിവിൻ മധുരഫലങ്ങൾ പറിക്കാം.
അജ്ഞാനത്തിൻ ഇരുളിനെനീക്കാം
വിജ്ഞാനത്തിൻ തിരികൾ തെളിക്കാം
ആനന്ദത്തിൽ ഗീതങ്ങൾപാടാം
ആവേശത്തിൻ അലയൊലികാണാം.
നേട്ടങ്ങൾ തൻ കതിരുകൾ കൊയ്യാം
സത്യത്തിൻ നവ മാതൃകയാകാം.
പോകാം പോകാം കൂട്ടരെ നമ്മൾക്ക്
അറിവിൻ സുന്ദരലോകത്തേക്ക്
അറിവിൻ മധുരഫലങ്ങൾ പറിക്കാം
ആടാം പടാം ആഹ്ലാദിക്കാം.

*****************************************************

# NATURE IS EVERYWHERE



*Nature is everywhere,*
*Nature is everywhere you go,*
*Everything that lives and grows,*
*is Nature.Animal big and small.*
*big and small.*
*Nature is plants that grow so tall,*
*Nature is beautiful in every way.*
*Wonderful, exciting,*
*And need our care.*
*So listen, learn and do your part to*
*keep nature,*
*Beautiful forever.*

*Akshitha Nand.M*
9.A

# ഓണക്കാഴ്ചകൾ




ചിങ്ങപ്പുതുവെയിൽ തെളിയുന്നു
ചിമ്മണികതിരു കനയ്ക്കുന്നു
ചലചല കതിരുകളിളകുന്നു
ചെറുനെൽ മണികൾ ചിരിക്കുന്നു
സന്തോഷത്തിൻ പൂങ്കതിരിൽ
സങ്കടമേവതുമില്ലല്ലോ.........!
മുക്കുറ്റിപ്പൂ കണ്ണുതുറന്നു
മുന്നിൽ വയലിൽ വരമ്പത്ത്
കാഞ്ചനമെന്നതുപോലഴകാം
കന്നിക്കതിരുകളിളകുന്നു
ഓണത്തപ്പനെ വരവേൽക്കാൻ
ഓണക്കാറ്റു വീശുമ്പോൾ
വയലുകൾ നൃത്തം ചെയ്യുന്നു
വണ്ണാത്തിക്കിളി പാടുന്നു
പുത്തരി ഇത്തിരി ഉണ്ണാനായ്
പൂത്തുമ്പികളും പാറുന്നു.

*HIBA FATHIMA.P.K.P*
*9.A*



# പൂലരി



പുലരി വരുന്നെ പുലരി വരുന്നെ
രാത്രി കടന്നു വരുന്നെ കടന്നു വരുന്നെ
സൂര്യൻ ഉദിച്ചു വരുന്നെ ഉദിച്ചു
വരുന്നെ
കിളികൾ ക്രുവിവരുന്നെ ക്രുവിവരുന്നെ
പൂക്കൾ വിരിഞ്ഞു വരുന്നെ വിരിഞ്ഞു
വരുന്നെ
പുതിയൊരു ജീവിതം തുടങ്ങാനായ്
പുതിയൊരു പുലരി കടന്നുവരുന്നെ.



Aswajith.D
9.B

ഫാത്തിമ്മഹിബ.യു 6B



<u>പൈതങ്ങളുടെ മഴനാട്</u>


**പൈതങ്ങൾ തുള്ളിക്കളിക്കും നാട്ടിൽ**
**മഴവന്നുതിർക്കുന്ന കുഞ്ഞുനാട്ടിൽ**
**പാട്ടിന്റെ ഈണത്തിൽ തുളിക്കളിക്കുന്ന**
**കുഞ്ഞിച്ചുണ്ടിലെകുഞ്ഞുനാട്ടിൽ**

**മഴവന്നു മഴവന്നു സൂര്യൻ മറയുന്ന**
**പൈതങ്ങളുടെ കുഞ്ഞുനാട്ടിൽ കൊച്ചു**
**പൈതങ്ങളുടെ കുഞ്ഞുനാട്ടിൽ**

**കരയല്ലുണ്ണി കരയുന്നതെന്തിന് മഴവന്നു**
***നമ്മുടെ കുഞ്ഞു നാട്ടിൽ***

# സ്കൂളിന്റെ തനത്പ്രവർത്തനങ്ങൾ







42






REDMI NOTE 5 PRO
MI DUAL CAMERA




"ഹരിതാഭമായ
ഭൂമിയ്ക്കായ്
കൈകോർക്കാം"
ദേശീയഹരിതസേന.SEED
GHS പട്ടഞ്ചേരി

# ചന്ദ്രിക



കണ്ണൂർ മാങ്ങാട്ടുപറമ്പിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ജൂനിയർ ആൺകുട്ടികളുടെ 1500 മീറ്റർ ഓട്ടത്തിൽ പാലക്കാട് പട്ടഞ്ചേരി ജിഎച്ച്എസിലെ ജെ. റിജോയ് സ്വർണ്ണം നേടുന്നു

ചിത്രം: കെ.ശശി

| ANIMATION | PROGRAMMING |
|---|---|
|   |   |



NMMS WINNER



രഘു 9B

# *Digital Magazine Voyage*

## *Little Kites GHS Pattanchery*

***school code-21098*** ***04923232120*** ***ghspty@gmail.com***



# THANKS

നന്ദി

# GHS PATTANCHERY